**15 -ാം കേരള നിയമസഭ**

**6 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1046** — **29-08-2022 - ൽ മറുപടിയ്ക്ക്**

**സംരക്ഷണ ഭിത്തി നിർമ്മാണം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ . മുഹമ്മദ് മുഹസിൻ | | ശ്രീ. റോഷി അഗസ്റ്റിൻ<br>(ജലവിഭവ വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്തെ പുഴയോര സംരക്ഷണത്തിനായി ജലവിഭവ വകുപ്പ് സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തെല്ലാമാണെന്ന് വിശദമാക്കുമോ; | (എ) | മേജർ മൈനർ വിഭാഗങ്ങളിലായി, പ്ലാൻ നോൺ പ്ലാൻ ശീർഷകങ്ങളിൽ ലഭ്യമാക്കിയ ഫണ്ട് ഉപയോഗിച്ച് തീരസംരക്ഷണ പ്രവൃത്തികൾ ഏറ്റെടുത്ത് നടപ്പിലാക്കി വരുന്നു. കൂടാതെ റിവർ മാനേജ്മെന്റ് ഫണ്ട് വിനിയോഗിച്ച് ഇടിഞ്ഞുപോയ നദീതീരങ്ങൾ കരിങ്കൽ/കോൺക്രീറ്റ് ഉപയോഗിച്ച് സംരക്ഷണ ഭിത്തികൾ നിർമ്മിച്ച് പരിപാലിച്ച് വരുന്നു. കരിങ്കൽ/കോൺക്രീറ്റ് തുടങ്ങിയവ ഉപയോഗിച്ച് സംരക്ഷിക്കാൻ സാധ്യമല്ലാത്ത ഭാഗങ്ങളിൽ ജൈവ വൈവിധ്യങ്ങൾ ഉപയോഗിച്ചുകൊണ്ടുള്ള സംരക്ഷണ പ്രവൃത്തികളും നടപ്പിലാക്കുന്നതിനു വേണ്ടി ബന്ധപ്പെട്ട തദ്ദേശ സ്ഥാപനങ്ങൾക്ക് സാങ്കേതിക സഹായങ്ങൾ നല്കി വരുന്നു. |
| (ബി) | പട്ടാമ്പി മണ്ഡലത്തിലൂടെ ഒഴുകുന്ന ഭാരതപ്പുഴ, കുന്തിപ്പുഴ എന്നിവയുടെ തീരങ്ങളുടെ പലഭാഗങ്ങളും ഇടിഞ്ഞ് പോകുന്നത് തടയുവാൻ നടപടി സ്വീകരിക്കുമോ; എങ്കിൽ എന്തെല്ലാം നടപടികൾ സ്വീകരിക്കുമെന്നതിന്റെ വിശദാംശം നൽകുമോ; | (ബി) | പട്ടാമ്പി മണ്ഡലത്തിലൂടെ ഒഴുകുന്ന ഭാരതപ്പുഴ, കുന്തിപ്പുഴ എന്നിവയുടെ തീരങ്ങളിൽ സ്ഥല പരിശോധനകൾ നടത്തി ഇടിഞ്ഞു പോയഭാഗങ്ങളും ഇടിഞ്ഞുപോകാൻ സാധ്യതയുള്ള ഭാഗങ്ങളും സംരക്ഷിക്കുന്നതിനു വേണ്ടി വിശദമായ പദ്ധതി രേഖ തയ്യാറാക്കി വരികയാണ്. പട്ടാമ്പി നിയോജക മണ്ഡലത്തിലെ ഓങ്ങല്ലൂർ പഞ്ചായത്ത് നമ്പ്രംകടവ് ഭാഗത്തെ സ്ഥല സന്ദർശനം നടത്തി പര്യവേഷണ പ്രവൃത്തിക്കുള്ള എസ്റ്റിമേറ്റ് തയ്യാറാക്കി വരുന്നു. |
| (സി) | പട്ടാമ്പി പരിധിയിൽ വരുന്ന ഭാരത പുഴയുടെ തീരങ്ങൾ ഇടിയുന്നത് കാരണം സമീപ പ്രദേശങ്ങളിലെ വീടുകൾക്ക് കേടുപാടുകൾ ഉണ്ടാകുന്നതായ പരാതികൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ അക്കാര്യത്തിൽ സ്വീകരിച്ച നടപടികളുടെ നിലവിലെ സ്ഥിതി അറിയിക്കാമോ? | (സി) | പട്ടാമ്പി നിയോജക മണ്ഡലത്തിന്റെ പരിധിയിൽ വരുന്ന ഓങ്ങല്ലൂർ ഗ്രാമപഞ്ചായത്തിലെ നമ്പ്രംകടവ് പ്രദേശത്ത് പുഴയുടെ തീരങ്ങൾ ഇടിയുന്നതു കാരണം സമീപ പ്രദേശങ്ങളിലെ വീടുകൾക്ക് കേടുപാടുകൾ ഉണ്ടാകുന്നതായി പരാതികൾ ലഭിച്ചിട്ടുണ്ട്. ആയതിന്റെ അടിസ്ഥാനത്തിൽ സ്ഥല പരിശോധന നടത്തി തീരസംരക്ഷണ പ്രവൃത്തികൾക്കായുള്ള ഭരണാനുമതിക്കായി വിശദമായ എസ്റ്റിമേറ്റ് |

| | | | |
|---|---|---|---|
| | | | തയ്യാറാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. |

സെക്ഷൻ ഓഫീസർ